ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 12.10.2025

## പ്രധാന വാർത്തകൾ

TIME : 07.25 AM

1. രാജ്യവ്യാപകമായി സ്വദേശി പ്രചാരണത്തിൽ വിദ്യാർത്ഥികൾ സജീവ പങ്കാളികളാകണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Draupadi Murmu calls upon students to play active role in national Swadeshi campaign.**

2. ഇന്ത്യ-അമേരിക്ക സമഗ്ര ആഗോള പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്താനാണ് ശ്രമമെന്ന് നിയുക്ത യു എസ് സ്ഥാനപതിയുമായുള്ള കൂടിക്കാഴ്ചയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister meets US Ambassador to India designate Sergio Gor; Expresses confidence, his tenure will further strengthen India-US Comprehensive Global Strategic Partnership.**

3. പോളിയോ നിർമ്മാർജനം ലക്ഷ്യമിട്ട് രാജ്യമെമ്പാടും ഇന്ന് പൾസ് പോളിയോ പ്രതിരോധയജ്ഞം; കേരളത്തിൽ 21 ലക്ഷത്തിലധികം കുട്ടികൾക്ക് തുള്ളി മരുന്ന് നൽകും.

   **Pulse Polio Vaccination Campaign to be launched across the country today to eradicate polio; In Kerala, polio drops will be given to More than 21 lakh children.**

4. ശബരിമലയിലെ നിർദ്ദിഷ്ട റോപ് വേ പദ്ധതി സാധ്യതകൾ വിലയിരുത്തി കേന്ദ്ര സംഘം; സ്വർണപാളി വിഷയത്തിൽ ജസ്റ്റിസ് ശങ്കരന്റെ നേതൃത്വത്തിൽ പരിശോധനകൾ ഇന്നും തുടരും.

   **Central team assesses the feasibility of the proposed ropeway project in Sabarimala; Inspections under the leadership of Justice Shankaran on the gold issue will continue today.**

5. പരീക്ഷാ ഫീസ് ഉൾപ്പെടെ സ്വീകരിക്കാൻ യുപിഐ സംവിധാനം ഉപയോഗിക്കണമെന്ന് രാജ്യത്തെ സ്കൂളുകളോട് ആവശ്യപ്പെട്ട് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം.

**The Education Ministry directs schools in the country to use the UPI system to receive examination fees.**

6. ഐസിസി വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഇന്ത്യ - ഓസ്ട്രേലിയ പോരാട്ടം; ഇന്ത്യയ്ക്കെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ വെസ്റ്റ് ഇൻഡീസിന്റെ ഒന്നാം ഇന്നിംഗ്സ് ഇന്ന് പുനഃരാരംഭിക്കും.

**In ICC Women's One-Day Cricket World Cup, India will face Australia today; West Indies will resume their first innings in the second cricket test against India.**

&&&&&&&&&&&&&&&

## PRESIDENT (INTRO)

സാമൂഹിക പുനർനിർമ്മാണത്തിനുള്ള ഏറ്റവും ഫലപ്രദമായ മാർഗം വിദ്യാഭ്യാസമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. അഹമ്മദാബാദിൽ നടന്ന ഗുജറാത്ത് വിദ്യാപീഠത്തിന്റെ 71-ാമത് ബിരുദദാന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. ഇന്ത്യയെ സ്വയംപര്യാപ്തമാക്കുക എന്നത് നമ്മുടെ ദേശീയ മുൻഗണനയാണെന്നും സ്വദേശി കാമ്പെയ്നിൽ വിദ്യാർഥികൾ സജീവമായി പങ്കെടുക്കണമെന്നും രാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ് വോയിസ്.....)

*******************

## MODI-US AMBASSADOR

ഇന്ത്യയിലെ അമേരിക്കൻ സ്ഥാനപതി സെർജിയോ ഗോർ ഇന്നലെ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ സന്ദർശിച്ചു. ഇന്ത്യ-യുഎസ് സമഗ്ര ആഗോള തന്ത്രപര പങ്കാളിത്തം കൂടുതൽ

ശക്തിപ്പെടുത്താനാണ് ശ്രമമെന്ന് ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറും ഇന്നലെ ന്യൂഡൽഹിയിൽ സെർജിയോ ഗോറുമായി ഇന്ത്യ-യുഎസ് ബന്ധം സംബന്ധിച്ച് ചർച്ച ചെയ്തു. വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ എന്നിവരുമായും സെർജിയോ ഗോർ കൂടിക്കാഴ്ച നടത്തി. ഇന്ത്യയുമായുള്ള ബന്ധത്തെ അമേരിക്ക ഏറെ വിലമതിക്കുന്നുണ്ടെന്ന് നിയുക്ത യുഎസ്

*******************

## PM CEO

പ്രധാനമന്ത്രി നരേന്ദ്ര മോദി നിർമിതബുദ്ധി ഗവേഷകനും ആന്ത്രോപിക് കമ്പനി മേധാവിയുമായ ഡാറിയോ അമൊഡെയുമായി ഇന്നലെ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. വിവിധ മേഖലകളിലെ വളർച്ചയ്ക്കായി AI ഉപയോഗപ്പെടുത്തുന്നതിന് ആന്ത്രോപികുമായി സഹകരിച്ച് പ്രവർത്തിക്കാൻ താല്പര്യപ്പെടുന്നതായി പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. ഇന്ത്യയിലെ ഊർജ്ജസ്വലമായ സാങ്കേതിക ആവാസവ്യവസ്ഥ ഉത്തരവാദിത്ത പൂർണ്ണമായ AI നവീകരണത്തെ പ്രോത്സാഹിപ്പിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവുമായും ഡാറിയോ അമൊഡെ കൂടിക്കാഴ്ച നടത്തി.

*******************

## CANADA FM INDIA

കനേഡിയൻ വിദേശകാര്യ മന്ത്രി അനിത ആനന്ദ് ഇന്ന് മുതൽ ഒക്ടോബർ 17 വരെ ഇന്ത്യ, സിംഗപ്പൂർ, ചൈന എന്നിവിടങ്ങളിൽ നയതന്ത്ര സന്ദർശനം നടത്തും. ഇന്ത്യാ സന്ദർശന വേളയിൽ അനിത ആനന്ദ് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ, വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ എന്നിവരുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. വ്യവസായ മേഖലയിലെ ഇന്ത്യ കാനഡ സഹകരണം ശക്തിപ്പെടുത്തുന്നതിനായി

കനേഡിയൻ വിദേശകാര്യ മന്ത്രി മുംബൈയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും.

*******************

## POLIO VACCINATION (INTRO)

പോളിയോ നിർമ്മാർജനം ലക്ഷ്യമിട്ട് രാജ്യമെമ്പാടും ഇന്ന് പൾസ് പോളിയോ പ്രതിരോധയജ്ഞം നടത്തും. കേരളത്തിൽ ഇടുക്കി ഒഴികെയുള്ള 13 ജില്ലകളിലാണ് യജ്ഞം. സംസ്ഥാനതല ഉദ്ഘാടനം പത്തനംതിട്ട കോഴഞ്ചേരി ഗവണ്മെന്റ് ഹൈസ്കൂളിൽ മന്ത്രി വീണ ജോർജ് നിർവഹിക്കും.

**വിശദാംശങ്ങളിലേക്ക്....**

*(വോയിസ്)*

*കേരളത്തിൽ 5 വയസ്സിന് താഴെയുള്ള 21 ലക്ഷത്തിലധികം കുഞ്ഞുങ്ങൾക്ക് പ്രത്യേകം സജ്ജീകരിച്ച ബൂത്തുകൾ വഴി പോളിയോ തുള്ളിമരുന്ന് നൽകും. 22,383 ബൂത്തുകളാണ് ഇതിനായി പ്രവർത്തിക്കുക. സ്കൂളുകൾ, അങ്കണവാടികൾ, വായനശാലകൾ, സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിലെ ബൂത്തുകൾ രാവിലെ 8 മുതൽ വൈകുന്നേരം 5 വരെ പ്രവർത്തിക്കും. ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ, ബോട്ടുജെട്ടികൾ എന്നിവിടങ്ങളിലെ ട്രാൻസിറ്റ് ബൂത്തുകൾ രാത്രി 8 വരെയും പ്രവർത്തിക്കും. തിരുവനന്തപുരത്ത് ആരോഗ്യ കേന്ദ്രങ്ങൾ, 2,415 ബൂത്തുകൾ സജ്ജമാക്കിയതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. കൊല്ലം ജില്ലാ തല ഉദ്ഘാടനം സർക്കാർ വിക്ടോറിയ ആശുപത്രിയിൽ രാവിലെ എട്ടിന് എം. മുകേഷ് എം. എൽ. എ നിർവഹിക്കും. എറണാകുളത്ത് ആളുകൾക്ക് എത്തിച്ചേരാൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിലും ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിലും, കുട്ടികൾക്ക് തുള്ളിമരുന്ന് നൽകുന്നതിനായി 64 മൊബൈൽ ടീമുകളെ സജ്ജമാക്കിയിട്ടുണ്ട്. ഇന്ന് ബൂത്തുകളിൽ തുള്ളിമരുന്ന്*

*നൽകാൻ കഴിയാത്ത കുഞ്ഞുങ്ങൾക്ക് നാളെയും, മറ്റന്നാളും സന്നദ്ധപ്രവർത്തകർ വീടുകളിൽ എത്തി തുള്ളിമരുന്ന് നൽകും.*

*ന്യൂസ്ഡെസ്ക് ആകാശവാണി...*

*******************

## SABARI MALA ROPE WAY

ശബരിമലയിൽ നിർദ്ദിഷ്ട റോപ് വേ പദ്ധതിയുടെ സാധ്യതകൾ കേന്ദ്ര സംഘം വിലയിരുത്തി. പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിലെയും വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെയും ഉദ്യോഗസ്ഥർ അടങ്ങുന്ന സംഘം സന്നിധാനം, മരക്കൂട്ടം, പമ്പ ഹിൽടോപ്പ് എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. പദ്ധതിക്ക് ഉപയോഗിക്കുന്ന വനഭൂമി, ദേവസ്വം ഭൂമി, പദ്ധതിയുടെ ഭാഗമായി പൂർണ്ണമായും ഭാഗികമായും വെട്ടിമാറ്റുന്ന മരങ്ങൾ ഇവയെല്ലാം സംഘം വിശദമായി പരിശോധിച്ചു. കേന്ദ്ര സംഘം നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് അന്തിമ അനു മതി ലഭ്യമാകും. കേരള വനം വകുപ്, ദേവസ്വം ബോർഡ് ഉദ്യോഗസ്ഥരും കേന്ദ്ര സംഘത്തോടൊപ്പം പരിശോധനകളിൽ പങ്കാളികളായി.

*******************

## SABARIMALA

ശബരിമല സ്വർണപാളി വിഷയത്തിൽ ഹൈക്കോടതി നിർദേശപ്രകാരം ജസ്റ്റിസ് ശങ്കരന്റെ നേതൃത്വത്തിൽ നടക്കുന്ന പരിശോധനകൾ ഇന്നും തുടരും. മഹസറും വഴിപാട് സാധനങ്ങളുടെ സ്റ്റോക്കും പരിശോധിക്കുന്നതാണ് തുടരുന്നത്. സ്വർണ്ണ പാളികൾ, സ്വർണ്ണ പീഠം, പഴയ വാതിൽ, കട്ടിള എന്നിവയുൾപ്പടെയുള്ള സന്നിധാനത്തെ മറ്റ് വസ്തുക്കളുടെ പരിശോധനയും നടക്കും. തിരുവാഭരണങ്ങളും, വഴിപാട് ഉരുപ്പടികളും സൂക്ഷിക്കുന്ന ആറൻമുളയിലെ പ്രധാന സ്ട്രോങ് റൂമിലെ പരിശോധനയും തുടർന്ന് നടക്കും.

പരിശോധനയുമായി ബന്ധപ്പെട്ട് മാധ്യമങ്ങൾക്ക് പമ്പയിൽനിന്ന് സന്നിധാനത്തേയ്ക്ക് പ്രവേശനം അനുവദിച്ചിട്ടില്ല.

*******************

## VIKASIT BHARAT BUILDATHON

ഇന്ത്യയുടെ വികസന യാത്രയിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ശക്തമാക്കാൻ ലക്ഷ്യമിട്ടുള്ള വികസിത് ഭാരത് ബിൽഡത്തോൺ 2025-ന് നാളെ തുടക്കമാകും. 6 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി നാളെ രാജ്യവ്യാപകമായി എല്ലാ സ്കൂളുകളിലും തത്സമയ ബിൽഡത്തോൺ നടക്കും. സ്കൂളുകൾക്ക് ഈ മാസം 14 മുതൽ 31 വരെ എൻട്രികൾ സമർപ്പിക്കാം. വിജയികളെ ഡിസംബറിൽ പ്രഖ്യാപിക്കും.

*******************

## VIKASIT BHARAT YOUTH PARLIAMENT

കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം സംഘടിപ്പിക്കുന്ന വികസിത് ഭാരത് യൂത്ത് പാർലമെന്റ് മത്സരങ്ങളുടെ രജിസ്ട്രേഷൻ ഇന്ന് അവസാനിക്കും. മൈഭാരത് പോർട്ടൽ വഴിയാണ് രജിസ്റ്റർ ചെയ്യേണ്ടത്. 18 നും 25 നും ഇടയിൽ പ്രായമുള്ളവർക്കാണ് അവസരം.

*******************

## RAIN KERALA

കേരളത്തിൽ വരും ദിവസങ്ങളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് . ഇന്ന് പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിനു വിലക്കുണ്ട്.

*******************

## EDUCATION MINISTRY - UPI

പ്രവേശന ഫീസ്, പരീക്ഷാ ഫീസ് എന്നിവ ഉൾപ്പെടെ സ്വീകരിക്കുന്നതിന് യുപിഐ സംവിധാനം ഉപയോഗിക്കാൻ രാജ്യത്തെ സ്കൂളുകളോട് ആവശ്യപ്പെട്ട് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം. ഡിജിറ്റൽ പേയ്മെന്റ് സംവിധാനങ്ങൾ സ്വീകരിക്കുന്നതിലൂടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭരണപരമായ പ്രക്രിയകൾ ആധുനികവൽക്കരിക്കുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനും മാതാപിതാക്കൾക്കും വിദ്യാർത്ഥികൾക്കും കൂടുതൽ സൗകര്യം ലഭ്യമാക്കുന്നതിനുമാണ് ഈ നീക്കം. സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ എൻസിഇആർടി, സിബിഎസ്ഇ, കേന്ദ്രീയ വിദ്യാലയങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് മന്ത്രാലയം ഇത് സംബന്ധിച്ച് കത്തയച്ചു.

*******************

## MONGOLIA PREZ-INDIA VISIT

മംഗോളിയൻ പ്രസിഡന്റ് ഖുറേൽസുഖ് ഉഖ്ന നാല് ദിവസത്തെ സന്ദർശനത്തിനായി നാളെ ഇന്ത്യയിലെത്തും. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ക്ഷണപ്രകാരമാണ് സന്ദർശനം. രാഷ്ട്രത്തലവൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി മംഗോളിയൻ പ്രസിഡന്റ് ഉഭയകക്ഷി ചർച്ച നടത്തും.

*******************

## WOMENS CRICKET

ഐസിസി വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഇന്ത്യ - ഓസ്ട്രേലിയ പോരാട്ടം. ഉച്ചക്ക് 3 മണിക്ക് വിശാഖപട്ടണത്താണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ശ്രീലങ്കയെ 89 റൺസിന് പരാജയപ്പെടുത്തി ഇംഗ്ലണ്ട് ടൂർണമെന്റിലെ തുടർച്ചയായ മൂന്നാം വിജയം നേടി.

*******************

## TEST CRICKET

ഇന്ത്യയ്ക്കെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിന്റെ മൂന്നാം ദിനമായ ഇന്ന് വെസ്റ്റ് ഇൻഡീസ് ഒന്നാം ഇന്നിംഗ്സ് പുനഃരാരംഭിക്കും. രണ്ടാം ദിനം കളി അവസാനിക്കുമ്പോൾ വെസ്റ്റ് ഇൻഡീസ് നാല് വിക്കറ്റ് നഷ്ടത്തിൽ 140 റൺസ് നേടിയിരുന്നു. ഇന്ത്യ 5 വിക്കറ്റിന് 518 എന്ന നിലയിൽ ഒന്നാം ഇന്നിംഗ്സ് ഡിക്ലയർ ചെയ്യുകയായിരുന്നു. ന്യൂഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ രാവിലെ 9:30 ന് മത്സരം ആരംഭിക്കും.

*******************

## MUTTAQI-TAJ MAHAL

അഫ്ഗാൻ വിദേശകാര്യ മന്ത്രി മൗലവി ആമിർ ഖാൻ മുത്തഖി ഇന്ന് ആഗ്രയിലെ താജ്മഹൽ സന്ദർശിക്കും. തുടർന്ന് ന്യൂഡൽഹിയിൽ വ്യവസായ, ബിസിനസ് പ്രതിനിധികളുടെ യോഗത്തിൽ അദ്ദേഹം പങ്കെടുക്കും. ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലുമായും മുത്തഖി കൂടിക്കാഴ്ച നടത്തും.

*******************

## GST REFORMS - ASSAM

പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ അസമിലെ തൊഴിലാളികൾക്കും, കരകൗശല വിദഗ്ധർക്കും, കർഷകർക്കും ആശ്വാസമാകുന്നു. തേയിലയുടെ നികുതി നിരക്ക് 5 ശതമാനമായി കുറച്ചത് സംസ്ഥാനത്തിന്റെ തേയില കയറ്റുമതിക്ക് പ്രോത്സാഹനമാകുമെന്നാണ് വിലയിരുത്തൽ.

*******************

## PAK- AFGHAN BORDER CLASHES

പാകിസ്ഥാൻ-അഫ്ഗാനിസ്ഥാൻ അതിർത്തിയിൽ ഏറ്റുമുട്ടൽ രൂക്ഷം. കാബൂളിൽ പാകിസ്ഥാൻ നടത്തിയ വ്യോമാക്രമണത്തിന് പിന്നാലെയാണ് സംഘർഷം വഷളായത്. തെക്കൻ പ്രവിശ്യയായ ഹെൽമണ്ടിലെ രണ്ട് പാക് അതിർത്തി പോസ്റ്റുകൾ പിടിച്ചെടുത്തതായി താലിബാൻ സേന അവകാശപ്പെട്ടു.

*******************

## TRUMP-GOVT SHUTDOWN

ഭരണസ്തംഭനം നിലനിൽക്കുന്ന യു.എസിൽ, സൈനികർക്ക് ഈ മാസം 15 ന് തന്നെ വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് പ്രതിരോധ സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

*

********

*****************************